STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabnavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

നം: എ4/1630/2024/സ്കോൾ-കേരള തീയതി: 04.06.2024

## 2024 – 25 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി കോഴ്സ് രണ്ടാം വർഷ പ്രവേശനം – വിജ്ഞാപനം

സൂചന : (1) 09.07.2009 ലെ സ.ഉ. (സാധാ) നം. 2845/2009/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(2) 14.07.2010 ലെ സ.ഉ. (സാധാ) നം. 3047/2010/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(3) 03.11.2012 ലെ സ.ഉ. (സാധാ) നം. 5279/2012/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(4) 05.08.2016 ലെ സ.ഉ. (സാധാ) നം. 2547/2016/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(5) 09.10.2023 ലെ ExII-1/11100/HSE/2023 നമ്പർ വിജ്ഞാപനം
(6) 27.05.2024 ലെ ഹസെവി/8217/2024-എസിഡി.എസ്.പി.എൽ3 നമ്പർ സർക്കുലർ
(7) 29.05.2024 ലെ എച്ച്.എസ്.ഇ/6722/2023/എക്സാം II-1 നമ്പർ കത്ത്

## രണ്ടാം വർഷ പ്രവേശനം

**യോഗ്യതകളും മാനദണ്ഡങ്ങളും**

1. 2015 അധ്യയനവർഷം മുതൽ ഓപ്പൺ സ്കൂൾ/സ്കോൾ-കേരളയിലോ, റെഗുലർ സ്കൂളിലോ ഒന്നാം വർഷ ഹയർ സെക്കണ്ടറി കോഴ്സിന് അഡ്മിഷൻ ലഭിച്ച് 2016 മുതൽ 2023 മാർച്ച് വരെ നടന്ന ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുകയും, എന്നാൽ രണ്ടാം വർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കുവാൻ സാധിക്കാത്തതുമായ വിദ്യാർഥികൾക്ക് ഇപ്പോൾ രണ്ടാം വർഷ പ്രവേശനത്തിന് അപേക്ഷിക്കാം. നിബന്ധനകൾക്ക് വിധേയമായി പ്രവേശനം അനുവദിക്കും. ഇപ്രകാരം പ്രവേശനം നേടുന്നവർക്ക് 2025 മാർച്ചിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന രണ്ടാം വർഷ പരീക്ഷ എഴുതാൻ സാധിക്കും.
2. **സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ., മറ്റ് സ്റ്റേറ്റ് ബോർഡുകൾ എന്നിവ മുഖാന്തിരം ഒന്നാം വർഷ ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കിയ ശേഷം രണ്ടാം വർഷം കേരള സിലബസിൽ SCOLE-Kerala മുഖാന്തിരം പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർഥികൾക്കും (ലാറ്ററൽ എൻട്രി വിഭാഗം) നിബന്ധനകൾക്ക് വിധേയമായി രണ്ടാം വർഷ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാം. ഈ വിഭാഗം വിദ്യാർഥികൾ നിർബന്ധമായും 2025 മാർച്ചിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗം ഒന്നാം വർഷ പരീക്ഷയോടൊപ്പം നടത്തുന്ന 2024 ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഒന്നാം വർഷത്തെ ഉപഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളും എഴുതേണ്ടതാണ്. ഈ സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും അന്തിമ ഫലം നിർണ്ണയിക്കുക. ഇത്തരം വിദ്യാർത്ഥികൾ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് നിർദ്ദേശിച്ചിട്ടുള്ള തരത്തിലുള്ള തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകണം. ഒന്നാം വർഷ പരീക്ഷ എല്ലാ വിഷയങ്ങളും എഴുതാത്ത കുട്ടികളുടെ രണ്ടാം വർഷ രജിസ്ട്രേഷൻ നിലനിൽക്കുന്നതല്ല.**
3. **മുൻ വർഷങ്ങളിലെ ഒന്നാം വർഷ പൊതുപരീക്ഷയിൽ രജിസ്റ്റർ ചെയ്ത ശേഷം പരീക്ഷയ്ക്ക് ഹാജരാകാത്തവർ 2025 മാർച്ചിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാം വർഷാന്ത്യ പരീക്ഷയോടൊപ്പം നടത്തുന്ന ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.**
4. സ്കോൾ-കേരള റെഗുലർ സ്ട്രീമിൽ അനുവദിച്ചിട്ടുള്ള സബ്ജക്ട് കോമ്പിനേഷനിൽ മാത്രമേ രണ്ടാം വർഷ പ്രവേശനം അനുവദിക്കുകയുള്ളൂ. ഓപ്പൺ റഗുലർ സ്ട്രീമിൽ നിലവിലുള്ള സബ്ജക്ട് കോമ്പിനേഷനുകളും ഫീസ് ഘടനയും ചുവടെ ചേർക്കുന്നു.

| ക്രമ നം | സബ്ജക്ട് കോഡ് | ഐച്ഛിക വിഷയങ്ങൾ | ഫീസ് ഘടന | | | | | |
|---|---|---|---|---|---|---|---|---|
| | | | കോഴ്സ് ഫീസ് | ലാബ് ഫീസ് | കോഷൻ ഡെപ്പോസിറ്റ് | തപാൽ ചാർജ്ജ് | ഓൺലൈൻ പ്രൊസസിംഗ് ഫീസ് | ആകെ |
| 1 | 01 | ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ്, ബയോളജി | 1875 | 1250 | 500 | 200 | 25 | 3850 |
| 2. | 05 | ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് | 1875 | 1350 | 600 | 200 | 25 | 4050 |
| 3. | 09 | ഫിസിക്സ്, കെമിസ്ട്രി ബയോളജി, സൈക്കോളജി | 1875 | 1250 | 500 | 200 | 25 | 3850 |
| 4. | 10 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജ്യോഗ്രഫി | 2475 | – | 100 | 200 | 25 | 2800 |
| 5. | 11 | ഹിസ്റ്ററി, ഇക്കണോമിക്സ് പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി | 1875 | – | – | 200 | 25 | 2100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6. | 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് സോഷ്യൽ വർക്ക് | 1875 | – | – | 200 | 25 | 2100 |
| 7. | 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് | 1875 | – | – | 200 | 25 | 2100 |
| 8. | 36 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി ഇക്കണോമിക്സ്, മാത്തമാറ്റിക്സ് | 1875 | – | 200 | 200 | 25 | 2300 |
| 9. | 37 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് | 1875 | – | – | 200 | 25 | 2100 |
| 10. | 38 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ് പൊളിറ്റിക്കൽ സയൻസ് | 1875 | – | – | 200 | 25 | 2100 |
| 11. | 39 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ | 1875 | 600 | 100 | 200 | 25 | 2800 |

## രണ്ടാം വർഷ പുനഃപ്രവേശനം

**യോഗ്യതകളും മാനദണ്ഡങ്ങളും**

1. 2015 അധ്യയനവർഷം മുതൽ SCOLE-Kerala/കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഓപ്പൺ റെഗുലർ, പ്രൈവറ്റ് എന്നീ വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്ത്, 2016 മുതൽ 2023 മാർച്ച് വരെ നടന്ന ഏതെങ്കിലും ഒന്നാം വർഷ പരീക്ഷയ്ക്ക് ഫീസ് അടക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ രണ്ടാം വർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കാൻ സാധിക്കാത്തവർക്ക് മുമ്പ് രജിസ്റ്റർ ചെയ്തിരുന്ന അതേ സബ്ജക്ട് കോമ്പിനേഷനിൽ രണ്ടാം വർഷം പുനഃപ്രവേശനത്തിന് അപേക്ഷിക്കാം. എന്നാൽ പ്രൈവറ്റ് വിഭാഗത്തിൽ, 36-ാം കോമ്പിനേഷനിൽ ഒന്നാം വർഷ പഠനം പൂർത്തിയാക്കിയവർക്ക് രണ്ടാം വർഷ പുന:പ്രവേശനം ഓപ്പൺ റെഗുലർ വിഭാഗത്തിലെ 36-ാം കോമ്പിനേഷനിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

**പുനഃപ്രവേശന ഫീസ്**

2022-24 ബാച്ചിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പുനഃപ്രവേശനം നേടുന്നതിന് 250/- രൂപയും അതിനു മുമ്പ് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ 500/- രൂപയും പുനഃപ്രവേശന ഫീസായി ഒടുക്കേണ്ടതാണ്.

### അപേക്ഷിക്കേണ്ട വിധം

രണ്ടാം വർഷ പ്രവേശനം/പുന:പ്രവേശനം നേടാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.scolekerala.org എന്ന വെബ്സൈറ്റ് മുഖാന്തിരം നോട്ടിഫിക്കേഷനിൽ പറയുന്ന സമയപരിധിക്കുള്ളിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും ആവശ്യമായ മറ്റ് രേഖകളും സഹിതം നിശ്ചിത തീയതികൾക്കകം നേരിട്ടോ, രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. അസ്സൽ എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റ്/ തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും.
2. അസ്സൽ ഒന്നാം വർഷ മാർക്ക് ലിസ്റ്റും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും.
3. നിശ്ചിത ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ/ഓൺലെയിൻ രസീത്.
4. രണ്ടാം വർഷത്തേക്ക് പ്രൊമോട്ട് ചെയ്തുകൊണ്ടുള്ള/ഒന്നാം വർഷ കോഴ്സ് പൂർത്തിയാക്കിയ അസ്സൽ ടി.സി.

5. രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം.

6. വിദ്യാർഥിയുടെ പത്താംതരം യോഗ്യത സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വിദ്യാർഥിയുടെ മാതാവിന്റെയും, പിതാവിന്റെയും ആധാർ കാർഡ്/ഇലക്ട്രൽ ഐ.ഡി. കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

7. 01, 05, 09, 10, 36, 39 എന്നീ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ തങ്ങളുടെയോ രക്ഷകർത്താവിന്റെയോ പാസ്ബുക്കിന്റെ ഒരു പകർപ്പ് (അക്കൗണ്ട് നമ്പറും, ഐ.എഫ്.എസ്.ഇയും വ്യക്തമായി തെളിഞ്ഞിരിക്കണം)

## വിദ്യാർഥികൾക്കുള്ള പൊതു നിർദേശങ്ങൾ/മാർഗ്ഗരേഖ

1. രണ്ടാംവർഷ പ്രവേശനം, പുനഃപ്രവേശനം നേടുന്ന വിദ്യാർഥികൾ സി.ഇയുടെ ഭാഗമായുള്ള പ്രോജക്ടും അസൈൻമെന്റും ബന്ധപ്പെട്ട പഠന/പരീക്ഷാ കേന്ദ്രം പ്രിൻസിപ്പൽമാരുടെ നിർദേശ പ്രകാരം യഥാസമയം സമർപ്പിക്കേണ്ടതാണ്.

2. മാത്തമാറ്റിക്സ് വിഷയത്തിന് ഗണിതലാബ് നിർബന്ധമാക്കിയ സാഹചര്യത്തിൽ, 36-ാം കോമ്പിനേഷനിൽ പ്രൈവറ്റ് വിഭാഗത്തിൽ ഒന്നാം വർഷം പൂർത്തിയാക്കിയവർക്ക് ഓപ്പൺ റെഗുലർ വിഭാഗത്തിലെ 36-ാം കോമ്പിനേഷനിൽ മാത്രമേ രണ്ടാം വർഷ പുനഃപ്രവേശനം അനുവദിക്കുകയുള്ളൂ.

3. രണ്ടാംവർഷ പ്രവേശനം, പുനഃപ്രവേശനം ലഭിക്കുന്നവർക്കായി ജില്ലയിൽ ഒരു പഠന/പരീക്ഷ കേന്ദ്രം മാത്രമേ അനുവദിക്കുകയുള്ളൂ.

4. പഠന/പരീക്ഷ കേന്ദ്രം അനുവദിക്കാനുള്ള അധികാരം സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

5. 2016 മുതൽ 2023 മാർച്ച് വരെ സംഘടിപ്പിച്ച ഹയർ സെക്കണ്ടറി ഒന്നാം വർഷ പരീക്ഷയിൽ എല്ലാ വിഷയങ്ങളോ, ചില വിഷയങ്ങളിലോ ഹാജരാകാതെ മാർക്ക് ലിസ്റ്റിൽ Absent രേഖപ്പെടുത്തിയ വിദ്യാർഥികൾ രണ്ടാംവർഷ അഡ്മിഷൻ, പുനഃപ്രവേശനം നേടുമ്പോൾ **2025 മാർച്ചിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗം ഒന്നാം വർഷ പരീക്ഷയോടൊപ്പം നടത്തുന്ന 2024 ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.**

6. **രണ്ടാംവർഷ പ്രവേശനത്തിന്റെയും/ പുനഃപ്രവേശനത്തിന്റെയും സമയ പരിധി 05.06.2024 മുതൽ 22.06.2024 വരെയാണ്.**

7. സ്കോൾ-കേരളയുടെ www.scolekerala.org എന്ന വെബ് സൈറ്റ് മുഖേന നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

8. ഓൺലൈൻ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളിലായാണ് നടത്തേണ്ടത്. ഓൺലൈൻ മുഖേനെ വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് പേയ്മെന്റ് മോഡ് (ഓൺലൈൻ/ഓഫ്ലൈൻ) തിരഞ്ഞെടുത്ത് ഫീസ് ഒടുക്കാവുന്നതാണ്. **ഓൺലൈൻ പേയ്മെന്റ് മോഡ്** തിരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് ഫീസൊടുക്കി രസീത് ജനറേറ്റ് ചെയ്യുന്നവരെ ഒന്നാം ഘട്ടവും തുടർന്ന് അപേക്ഷയിലെ അനുബന്ധ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നത് വരെയുള്ള രണ്ടാം ഘട്ടവും. **ഓഫ്ലൈൻ പേയ്മെന്റ് മോഡ്** തിരഞ്ഞടുക്കുന്ന വിദ്യാർഥികൾക്ക് വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നത് വരെ ഒന്നാം ഘട്ടവും ഫീസ് വിവരങ്ങൾ ഉൾപ്പെടുത്തി ജനറേറ്റ് ചെയ്തെടുക്കുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലും പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കിയ ശേഷം ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, ഫീസ് അടയ്ക്കുമ്പോൾ പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന രസീതിലെ 19 അക്ക ഇൻവോയ്സ് നമ്പർ എന്നിവ രേഖപ്പെടുത്തിയ ശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നത് വരെ രണ്ടാം ഘട്ടവുമായിരിക്കും.

9. അപേക്ഷയിലെ നിർദ്ദിഷ്ട വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ confirm ചെയ്താൽ മാത്രമെ അപേക്ഷയുടെ പ്രിന്റ് ഔട്ട് ലഭ്യമാകുകയുള്ളു.

10. ഓഫ്‌ലൈൻ മോഡ് തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഫീസ് ഒടുക്കുമ്പോൾ പോസ്റ്റ് ഓഫീസിൽ നിന്നും ചെലാനോടൊപ്പം രസീത് ചോദിച്ച് വാങ്ങേണ്ടതാണ്.

11. വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയിൽ മാതാപിതാക്കളുടെ പേരുകൾ തെറ്റുകൂടാതെ രേഖപ്പെടുത്തേണ്ടതും, പത്താംതരം യോഗ്യത സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ മാതാപിതാക്കളുടെ ആധാർ കാർഡ്/ഇലക്ട്രൽ ഐ.ഡി. പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

12. 01, 05, 09, 10, 36, 39 കോമ്പിനേഷനുകളിൽ രജിസ്റ്റർചെയ്യുന്നവർ രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥി/രക്ഷകർത്താവിന്റെ പേരിലുള്ള ദേശസാൽകൃത ബാങ്കിന്റെ അക്കൗണ്ട് വിവരങ്ങൾ Name of Account holder, account number, bank name, IFSC എന്നിവ ഓൺലൈനായി എന്റർ ചെയ്യേണ്ടതും പ്രസ്തുത ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

13. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി, പ്രിന്റ് എടുത്ത അപേക്ഷയും നിർദ്ദിഷ്ട രേഖകളും എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര.പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ നേരിട്ടോ, സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ **2024 ജൂൺ 26, വൈകുന്നേരം 5 മണിക്കകം** എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

14. ബാങ്ക്/ട്രഷറി ചെലാൻ സ്വീകരിക്കുന്നതല്ല. **ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.**

STATE COUNCIL FOR OPEN AND LIFELONG EDUCATION · SCOLE KERALA · Vidhya Bhavan Poojappura Thiruvananthapuram 695012

**സെക്രട്ടറി**